പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം 322 | 14/03/2018 ൽ മറുപടി<br>നല്കേണ്ടത്. |

## മാനസികാരോഗ്യം മെച്ചപ്പെടുത്താൻ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി**<br>**,, കെ.എൻ.എ ഖാദർ**<br>**,, പി.കെ.ബഷീർ**<br>**,, പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഉയർന്ന ജീവിത നിലവാരവും ശാരീരികാരോഗ്യവും കൈവരിച്ചിട്ടുണ്ടെങ്കിലും മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ കേരളീയർ പിന്തള്ളപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മാനസികാരോഗ്യകുറവിനാലും മാനസിക വൈകല്യങ്ങൾക്കടിമപ്പെട്ടും വിവിധ വിഭാഗം ജനങ്ങൾ ആത്മഹത്യയിലേക്ക് തിരിയുന്ന പ്രവണത ഒഴിവാക്കുന്നതിനായി കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ബി) | സർക്കാരിന്റെ സുസ്ഥിര വികസന പദ്ധതിയിൽ ആത്മഹത്യാ പ്രതിരോധം, വിഷാദരോഗ ചികിത്സ എന്നിവയെ പ്രധാന ലക്ഷ്യങ്ങളാക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'ആശ്വാസം' പദ്ധതി 2017 ഏപ്രിൽ മുതൽ പ്രവർത്തിച്ച വരുന്നു. പ്രാഥമികാരോഗ്യതലത്തിൽ തന്നെ വിഷാദരോഗം ബാധിച്ചവരെ കണ്ടെത്തുവാനും ചികിത്സ ലഭ്യമാക്കാനും കഴിയുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ , നഴ്സമാർ , ഹെൽത്ത് വർക്കർമാർ എന്നിവർക്ക് ഇതിനുള്ള പരിശീലനം നൽകി കഴിഞ്ഞു. ഔഷധ ചികിത്സ വേണ്ടവർക്കുള്ള മരുന്നുകളും ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ തന്നെ 'സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി' ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശാവർക്കർമാർക്ക് മാനസികാരോഗ്യ പരിശീലനം നൽകുകയും , പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് സ്ക്രീനിംഗ് നടത്തുകയും, വിഷാദരോഗം, ഉത്കണ്ഠരോഗം മറ്റ് മാനസിക രോഗങ്ങൾ, മദ്യപാനം, ആത്മഹത്യാ ചിന്തകൾ, ആത്മഹത്യാ ശ്രമം നടത്തിയിട്ടുള്ളവർ, മാനസിക പ്രശ്നമുള്ള കുട്ടികൾ മറവിരോഗം ബാധിച്ചവർ തുടങ്ങിയവരെ കുടുംബാരോഗ്യകേന്ദ്രത്തിൽ നടത്തുന്ന ക്യാമ്പുകളിലേക്ക് എത്തിച്ച് ചികിത്സയും, തുടർചികിത്സയും നൽകുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ ജില്ലാ മാനസികാരോഗ്യ പരിപാടി വഴി സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഔഷധങ്ങളും കൗൺസിലിംഗും സൗജന്യമായി തന്നെ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ